**പാഠം 11** **മാർച്ച് 10–16**

# കടം: ഒരു ദൈനംദിന തീരുമാനം

**ശബ്ബത്ത് സായാഹ്നം**

**ഈയാഴ്ചയിലെ പഠനത്തിന്: സങ്കീ. 37:21; മത്താ. 4:3–10; മത്താ. 6:33; ആവ. 28:12; സദൃ. 13:11; 21:5; 2 കൊരി. 4: 18.**

**മനഃപാഠവാക്യം: "എല്ലാവർക്കും കടമായുള്ളതു കൊടുപ്പിൻ; നികുതി കൊടുക്കേണ്ടവന്നു നികതി; ചുങ്കം കൊടുക്കേണ്ടവനു ചുങ്കം; ഭയം കാണിക്കേണ്ടവനു ഭയം; മാനം കാണിക്കേണ്ടവനു മാനം. അന്യോന്യം സ്നേഹിക്കുന്നത് അല്ലാതെ ആരോടും ഒന്നും കടംപ്പെട്ടിരിക്കരുത്; അന്യനെ സ്നേഹിക്കുന്നവൻ ന്യായപ്രമാണം നിവർത്തിച്ചിരിക്കുന്നുവല്ലോ" (റോമ. 13:7–8).**

നമുക്ക് കടം തരുവാൻ സന്നദ്ധതയുള്ള ആരെയെങ്കിലും നാം ഒരുപക്ഷേ കണ്ടെത്തിയേക്കാം. നാം ആയിരിക്കുന്ന ഒരു സാമ്പത്തിക പ്രതിസന്ധിയിൽനിന്നും നമ്മെ രക്ഷിക്കുക എന്ന നല്ല ഉദ്ദേശ്യത്തോടുകൂടിയായിരിക്കും ആ വ്യക്തി കടം തരുന്നത്. എന്നാൽ പലപ്പോഴും ആരും അവരുടെ ഹൃദയത്തിന്റെ നന്മയിൽനിന്നും കടം കൊടുക്കാറില്ല. കുറച്ചു കൊടുത്തു കൂടുതൽ സമ്പാദിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് പലരും കടം കൊടുക്കുന്നത്.

കടം എടുക്കാതിരിപ്പാൻ നാം പരമാവധി ശ്രമിക്കണം. പുതിയ വീട്, വാഹനം വിദ്യാഭ്യാസം തുടങ്ങിയ സാഹചര്യങ്ങൾ നമ്മെ കടം വാങ്ങാൻ നിർബന്ധിതരാക്കിയേക്കാം. ഈ സാഹചര്യങ്ങളിൽ നാം വളരെ ബുദ്ധിപൂർവ്വം പെരുമാറുകയും എത്രയും വേഗം എടുത്ത കടത്തിൽനിന്നും മുക്തി നേടുകയും വേണം.

നാം ശ്രദ്ധാലുക്കൾ ആയിരിക്കണം. നമുക്കില്ലാത്ത, നമ്മുടേതല്ലാത്ത, പണം ചെലവാക്കുമ്പോൾ "അത്യാഗ്രഹവും ഭൗമീക വസ്തുക്കളോടുള്ള സ്നേഹവും ദൈവ ജനത്തിന്റെ സ്വഭാവത്തെ നിയന്ത്രിക്കുന്ന ഘടകങ്ങളായി മാറുവാൻ സാധ്യതയുണ്ട്. ഇവയാൽ നിയന്ത്രിക്കപ്പെടുമ്പോൾ രക്ഷയും കൃപയും പുറകിലേക്കുമാറുന്നു. EGW, EW P. 267.

കടം വാങ്ങുന്നത് ഒഴിവാക്കുകയും അച്ചടക്കത്തോടെ ജീവിക്കുകയും ചെയ്യുവാൻ നാം നമ്മുടെ വൈദഗ്ദ്ധ്യത്തെയും കഴിവുകളെയും മെച്ചപ്പെടുത്തണം. കടം എന്ന വിഷയത്തെക്കുറിച്ചു തിരുവചനം എന്തു പറയുന്നു എന്നതാണ് നാം ഈയാഴ്ച പഠിക്കുന്നത്.

**ഞായർ** **മാർച്ച് 11**

**വായ്പ വാങ്ങലും ചിലവാക്കലും**

എലീശയും പ്രവാചകന്മാരും യോർദ്ദാൻ നദീതീരത്തു വിറകു ശേഖരിക്കുമ്പോൾ "കോടാലി ഊരി വെള്ളത്തിൽ വീണു; അയ്യോ കഷ്ടം; യജമാനനേ, അതു

വായ്പ വാങ്ങിയതായിരുന്നു എന്ന് അവൻ നിലവിളിച്ചു" (2 രാജാ. 6:5). മറ്റുള്ള വരുടെ സാധനത്തെ അനുവാദത്തോടെ ഉപയോഗിക്കുക എന്നാണ് 'വായ്പ വാങ്ങുക' എന്നതിന്റെ അർത്ഥം. വായ്പ വാങ്ങുന്ന പണവും, കോടാലിയിൽനിന്നും വ്യത്യസ്തമല്ല എങ്കിലും, കടം വാങ്ങുന്ന പണം ദുരുപയോഗം ചെയ്യപ്പെട്ടാൽ അതിന്റെ പരിണിത ഫലങ്ങൾ കൂടുതൽ ഗുരുതരമായിരക്കും.

ചെലവാക്കുവാൻ മാത്രമാണ് നാം പണം കടം വാങ്ങുന്നത്. തിരികെ കൊടുക്കുവാൻ കഴിയും എന്നു ചിന്തിച്ചുകൊണ്ടാണ് നാം ഈ സാഹസത്തിനു മുതിരുന്നത്. ഭാവിയിൽ അത്ഭുതകരമായ സാമ്പത്തിക മാറ്റങ്ങൾക്കു സാധ്യതയുമില്ല എന്നും നാം ചിന്തിക്കുന്നു. ഭാവിയിൽ എന്ത് നടക്കും എന്നു നമുക്കറിയില്ല എന്നതിനാൽ വായ്പ വാങ്ങുക എന്നത് ഒരു സാഹസം തന്നെയാണ്.

**വായിക്കുക:** സങ്കീ. 37:21; സഭാ. 5:5; ആവ. 28: 44-45. വായ്പയെക്കുറിച്ച് ഈ വാക്യങ്ങൾ എന്ത് പറയുന്നു?

ബുദ്ധിപരമായി ഉപയോഗിക്കും എന്നെ ചിന്തയിലായിരിക്കും നാം വായ്പ വാങ്ങുന്നത് എങ്കിലും നമ്മുടെ പക്കലുള്ളത്-കടം വാങ്ങിയതായാലും - ചെലവാക്കുവാനുള്ള പ്രലോഭനം നമ്മെ വളരെ വലിയ പ്രശ്നങ്ങളിലേക്കു നയിക്കും. നമുക്കു പലർക്കും താങ്ങുവാൻ സാധിക്കുന്നതിലും സമ്പന്നമായ രീതിയിൽ ജീവിക്കാനുള്ള പ്രലോഭനം വായ്പ വാങ്ങിയ ധനം നമുക്കു തരുന്നു. കടം വാങ്ങി ചിലവാക്കി ജീവിക്കുവാനുള്ള പ്രലോഭനം ഉപഭോഗ സംസ്കാരത്തിന്റെ ഭാഗമാണ്. അത് പണക്കാരനെയും പാവപ്പെട്ടവനെയും ഒരുപോലെ ബാധിക്കുന്നു. ആ പ്രലോഭനം ഉണ്ടാകുമ്പോൾ നാം ദൈവത്തിന്റെ വഴി അന്വേഷിക്കണം (1 കൊരി. 10:13). കാരണം, വായ്പ വാങ്ങുക എന്നതു ശാപത്തിന്റെ ഒരുലക്ഷണം ആകാം (ആവ.28:43-45).

വായ്പ വാങ്ങുക എന്ന ദുഷിച്ച സ്വഭാവത്തിന് തുടക്കമിടരുത്. ഇതിനകം കടം വാങ്ങിയിട്ടുണ്ടെങ്കിൽ അത് വേഗം കൊടുത്തു തീർക്കുക. ബുദ്ധിപൂർവ്വം ചിലവാക്കുവാൻ നാം പഠിക്കുകയും ദൈവത്തിന്റെ ധനത്തിന്റെ യജമാനന്മാരാകുകയും ചെയ്യണം ലോകത്തിന്റെ ധനം നമ്മെ അടിമകളാക്കരുത്.

കടം വാങ്ങേണ്ട സാഹചര്യങ്ങൾ ജീവിതത്തിലുണ്ടാകാം എന്നതിൽ തർക്കമില്ല. എന്നാൽ അത് സൂക്ഷ്മതയോടെ ഉപയോഗിക്കുകയും പറ്റുന്നത്ര വേഗത്തിൽ തിരിച്ചുകൊടുക്കും എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുകയും വേണം.

കടക്കെണിയിൽപ്പെടുന്ന വ്യക്തിയെ കാത്തിരിക്കുന്ന ആത്മീയ അപകടങ്ങൾ എന്തെല്ലാം?

**തിങ്കൾ** **മാർച്ച് 12**

**കാര്യവിചാരകത്വവും തൽക്ഷണ സംതൃപ്തിയും**

"യാക്കോബ് ഏശാവിന് അപ്പവും പയറുകൊണ്ടുള്ള പായസവും കൊടുത്തു; അവൻ ഭക്ഷിച്ചു പാനം ചെയ്ത്, എഴുന്നേറ്റുപോയി; ഇങ്ങനെ ഏശാവ് ജ്യേഷ്ഠാവകാശത്തെ അലക്ഷ്യമാക്കിക്കളഞ്ഞു" (ഉല്പ. 25:34). പരുക്കനും വീടിനു പുറത്തു വസിച്ചു സ്വന്തം ഇഷ്ടപ്രകാരം ജീവിക്കുന്നവനുമായിരുന്നു ഏശാവ്. സഹോദരന്റെ

പയറുകറിയുടെ മണമടിച്ചപ്പോൾ, വിശന്നു മരിക്കുന്ന സാഹചര്യം തികച്ചും അസാധ്യമായിരുന്നു, എങ്കിലും, അത് വേഗം ലഭിക്കണം എന്ന് ആഗ്രഹിച്ചു. വികാര വിചാരങ്ങളാൽ നിയന്ത്രിക്കപ്പെട്ട ഏശാവ് തന്റെ യുക്തിയെ നൈമിഷിക സമ്മർദ്ദങ്ങൾക്ക് അടിയറവച്ചു. തൽക്ഷണ സംതൃപ്തിക്കായി ജന്മാവകാശം വിറ്റു. ജന്മാവകാശം തിരികെ കിട്ടുവാൻ പിന്നീടൊരിക്കൽ ആഗ്രഹിച്ചു "കണ്ണുനീരോടുകൂടെ അപേക്ഷിച്ചിട്ടും തള്ളപ്പെട്ടു" (എബ്രാ. 12:17).

എന്നാൽ യേശുവിന്റെ മാതൃക ശ്രദ്ധിക്കുക: നാല്പതു ദിവസത്തെ ഉപവാസത്തിനുശേഷം ഏറ്റം ക്ഷീണിതനായി ഇരിക്കുന്ന അവസ്ഥയിൽ സാത്താൻ മൂന്ന് തവണ അവനെ പരീക്ഷിച്ചു (മത്താ. 4:3-10). എന്നാൽ യേശു പരീക്ഷകളുടെ പിന്നിലുള്ള ഉദ്ദേശത്തെ തിരിച്ചറിയുകയും ഏറ്റവും ബലഹീനനായിരുന്ന അവസ്ഥയിലും പ്രലോഭനങ്ങൾക്ക് കീഴടങ്ങാതിരിക്കുകയും ചെയ്തു. പാപത്തിന്റെ സന്തോഷവും സംതൃപ്തിയും നിഷേധിച്ചുകൊണ്ടാണ് യേശു പൂർണ്ണ സമയവും ജീവിച്ചത്.

പാപങ്ങൾക്ക് മേൽ വിജയം വരിക്കുവാനുള്ള ശക്തി നമുക്കു ഉണ്ടെന്നു യേശുവിന്റെ ജീവിതം തെളിയിക്കുന്നു, അവൻ തന്റെ ജന്മാവകാശത്തെ വിൽക്കുകയോ നഷ്ടപ്പെടുത്തുകയോ ചെയ്തില്ല. അവനോടൊപ്പം കൂട്ടവകാശം പങ്കിടുവാൻ അവൻ നമ്മെ ക്ഷണിക്കുന്നു (റോമ. 8:17; തീത്തൊ. 3:7). യേശു പരീക്ഷയെ നേരിട്ട രീതി നമുക്കും മാതൃകയാക്കാവുന്നതാണ്. അങ്ങനെ നമുക്കും നമ്മുടെ ജന്മാവകാശത്തെ സംരക്ഷിക്കാം (1 കൊരി. 10:13).

നൈമിഷിക സുഖങ്ങളുടെ അനുഭവങ്ങളെ മാത്രമേ ഈ ലോകത്തിനു തരുവാൻ സാധിക്കുകയുള്ളൂ. വരുവാനിരിക്കുന്ന ലോകത്തിന്റെ അനുഭവത്തിലൂടെ നമ്മെ നടത്തുവാൻ ഈ ലോകത്തിനാകുകയില്ല. സ്വയത്തിനുവേണ്ടി ജീവിക്കുക എന്നതു ദൈവത്തിനുവേണ്ടി ജീവിക്കുക എന്നതിന്റെ നേരെ എതിരായ കാര്യമാണ്.

**വായിക്കുക:** 2 ശമു. 11:2-4; ഉല്പ. 3:6; ഫിലി. 3:19; 1 യോഹ. 2:16; റോമ. 8:8

തൽക്ഷണ സംതൃപ്തിയുടെ അപകടങ്ങളെക്കുറിച്ച് ഇവ എന്തു പറയുന്നു? വിശ്വസ്തരായ ദൈവമക്കളും എങ്ങനെ ഈ അപകടത്തിൽ അകപ്പെടാം?

തൽക്ഷണ സംതൃപ്തിക്കായുള്ള ആഗ്രഹം നിയന്ത്രണമില്ലാത്ത മനസ്സിന്റെ ലക്ഷണമാണ്, വിദൂര ഭാവിയിലേക്കുള്ള ലക്ഷ്യങ്ങളെ ദുർബലമാക്കുകയും സമാധാനത്തെ നശിപ്പിക്കുകയും ചെയ്യുന്ന ശത്രുവാണത്. കണക്കു ബോധിപ്പിക്കേണ്ടിവരും എന്ന ഉത്തരവാദിത്വത്തെ അത് പരിഹസിക്കുകയും മുറിവേല്പിക്കുകയും ചെയ്യുന്നു. ആഗ്രഹ സഫലീകരണങ്ങൾക്ക് അല്പം സമയം കൊടുക്കുക എന്നത് പാണ്ഡിത്യത്തിന്റെ ലക്ഷണമാണ്. സാഹചര്യങ്ങളെയും സമ്മർദ്ദങ്ങളെയും നിയന്ത്രിക്കുവാനുള്ള ജീവിത വൈദഗ്ദ്ധ്യമാണ് കാത്തിരിപ്പിലൂടെ ലഭിക്കുന്നത്. ബുദ്ധിശൂന്യമായി വായ്പ വാങ്ങുവാനുള്ള പ്രലോഭനവുമായി ലോകം എത്തുമ്പോൾ തീരുമാനമെടുക്കന്നതിൽ കാണിക്കുന്ന ക്ഷമ നമ്മെ വിശേഷാൽ സഹായിക്കും. തൽക്ഷണം ലഭിക്കുന്ന പ്രതിഫലത്തിലും അതിവേഗ ധനസമ്പാദനത്തിലും മുഴുകി ഈ ലോകത്തിൽ കണ്ണു നട്ടിരിക്കുന്നവരുടെ ഇടയിൽ കാത്തിരിപ്പിന്റെ ഈ ആശയം അത്ര ജനപ്രിയമായിരിക്കയില്ല. അതിവേഗം സമ്പത്തോ സന്തോഷമോ ഉണ്ടാക്കാൻ

ഒരിക്കൽ നമുക്ക് സാധിച്ചാൽ അതിനായിത്തന്നെ നാം വീണ്ടും വീണ്ടും ശ്രമിച്ചു കൊണ്ടിരിക്കും. ദൈവത്തിന്റെ കാര്യവിചാരകരായ നാം ഇപ്രകാരമുള്ള കെണി കളിൽ പെടുവാൻ പാടുള്ളതല്ല.

**ചൊവ്വ** **മാർച്ച് 13**

**വരുമാനത്തനുള്ളിൽ ജീവിക്കുക**

"ജ്ഞാനിയുടെ പാർപ്പിടത്തിൽ വിലയേറിയ നിക്ഷേപവും തൈലവും ഉണ്ട്; മൂഢനോ അവയെ ദുർവ്യയം ചെയ്തുകളയുന്നു" (സദൃ. 21:20). സാമ്പത്തിക ഉത്തരവാദിത്വത്തോടുകൂടിയ കാര്യവിചാരകത്വവും ആഡംബര നിബിഢവും ദുർവ്യയ രീതിയും തമ്മിലുള്ള താരതമ്യവും നാം ഈ വാക്യത്തിൽ കാണുന്നു. സ്വന്തം വരുമാനത്തിനനുസരിച്ചു ചെലവാക്കുവാനുള്ള പദ്ധതികൾ ഭോഷന്മാർ ഉണ്ടാക്കാറില്ല. തങ്ങൾക്കു ബോധിച്ചപോലെയും ആർത്തിയോടെയും അവർ പണം-വായ്പ വാങ്ങി യതുൾപ്പടെ ചെലവാക്കുന്നു. മിതവ്യയവും സാമ്പത്തിക വിവേകവും ഭോഷന്മാർക്ക്, ഇഷ്ടമല്ലാത്ത ഭക്ഷണംപോലെ, ബുദ്ധിമുട്ടുള്ള കാര്യങ്ങളാണ്. അത്യാവശ്യഘട്ടങ്ങളിൽ പണം കടം വാങ്ങാൻ നിർബന്ധിതരാകുക യാണെങ്കിൽ, അത് വളരെ ശ്രദ്ധയോടെയും, വരുമാനത്തിനുള്ളിൽനിന്ന് ജീവിക്കണം, എന്ന ചിന്തയോടെയും ആയിരിക്കണം ചെയ്യേണ്ടത്.

ധനികർക്ക് അവരുടെ വരുമാനത്തിനുള്ളിൽനിന്ന് ജീവിക്കുവാൻ കഴിയും. പണം എങ്ങനെ സൂക്ഷിക്കും, എന്ത് ചെയ്യും എന്നൊക്കെയുള്ള വേവലാതികളാണ് അവരുടെ പ്രശ്നം. തുച്ഛമായ ശമ്പളം കൊണ്ട് മാത്രം ജീവിക്കുന്ന സാധാരണ ക്കാർക്ക് എങ്ങനെ ജീവിത സന്ധാരണം നടക്കും എന്ന ആധിയാണുള്ളത്. അവർ സമ്പത്തിനെക്കുറിച്ചു വ്യാകുലപ്പെടുന്നില്ല. ധനികർക്കും ദരിദ്രർക്കും ഒരുപോലെ സമ്പത്തിനുള്ളിൽനിന്ന് ജീവിക്കുവാനാവശ്യമായ ഉപദേശം വേദപുസ്തകം കൊടുക്കുന്നുണ്ട്.

ഏറ്റവും ലളിതമായ ജീവിതത്തെക്കുറിച്ച് ചിന്തിക്കുവാൻ പൗലൊസ് ഉപദേശി ക്കുന്നു. വീടുൾപ്പെടെ "ഉണ്ണാനും ഉടുക്കാനും ഉണ്ടെങ്കിൽ മതി എന്ന്" നമുക്കും വിചാരിക്കാം (1 തിമൊ. 6:8). ഭൗമിക സമ്പത്തുകൾക്ക് അധികം പൗലൊസ് പ്രധാന്യം കൊടുക്കുന്നില്ല, കാരണം, അവനെ സംബന്ധിച്ചിടത്തോളം ക്രിസ്തുവിലുള്ള ജീവിതം ധാരാളമായിരുന്നു (ഫിലി. 1:21).

മറ്റെന്തിനേക്കാളും മുൻപേ ഓർമ്മയിൽ വയ്ക്കേണ്ട തത്വം എന്താണ്? (മത്താ. 6:33) ഇപ്രകാരമാണ് ജീവിക്കുന്നതെന്ന് നമുക്കെങ്ങനെ ഉറപ്പാക്കാം?

പരിപാലിക്കപ്പെടുന്നതിനായി ഏല്പിക്കപ്പെട്ടിരിക്കുന്ന ഉപാധികളായിട്ടാണ് നാം നമ്മുടെ സമ്പത്തിനെ കാണേണ്ടത്; അല്ലാതെ വരുമാനമായിട്ടല്ല. ഇതിനായി വരവ് ചെലവുകളെക്കുറിച്ച് ഒരു ഏകദേശ രൂപം നമുക്കു മുൻകൂട്ടി ഉണ്ടായിരിക്കണം. വളരെ ചിന്തിച്ചു പഠിച്ചു ആവുന്നത്ര പാണ്ഡിത്യപരമായി വേണം ബഡ്ജറ്റ് ഉണ്ടാക്കു വാൻ. പെരുമാറ്റച്ചട്ടത്തിനുള്ളിൽ നിന്നുള്ള പരിശീലനവും പരിശ്രമവും സമീകൃത മായ ഒരു സാമ്പത്തിക പദ്ധതി ഉണ്ടാക്കുവാൻ ആവശ്യമുണ്ട് (സദൃ.14:15). നമ്മുടെ

സാമ്പത്തിക കാര്യവിചാരകത്വ പദ്ധതിയിൽ വിജയിക്കണം എന്ന ഒരു പ്രതിജ്ഞ നാം എടുക്കുകയാണെങ്കിൽ വിഷമിപ്പിക്കുന്ന സാമ്പത്തിക തെറ്റുകളിൽനിന്നും നമുക്കൊഴിഞ്ഞിരിക്കുവാൻ സാധിക്കും.

ധനകാര്യ നടത്തിപ്പിനെക്കുറിച്ച് നിങ്ങൾക്കു പ്രശ്നമുണ്ടെങ്കിൽ സങ്കീർണ്ണമല്ലാത്ത ബഡ്ജറ്റ് ഉണ്ടാക്കുക. ചില മാസങ്ങളിലെ ചെലവുകൾ കൂട്ടിയശേഷം അതിന്റെ മാസ ശരാശരി കണ്ടെത്തുവാൻ കഴിയുംവിധം ലളിതമായ ഒന്ന്. വരുമാനത്തിന് അനുസരണമായി ജീവിക്കുക, കടം ഒഴിവാക്കാൻ കഴിയുന്നതെല്ലാം ചെയ്യുക എന്നതാണ് ഇതിന്റെയെല്ലാം പ്രധാന ഉദ്ദേശ്യം.

**വായിക്കുക:** ലൂക്കൊ. 14:27-30. പണിയും മുൻപ് തീർക്കുവാൻ വകയുണ്ടോ എന്നും തീർക്കാൻ കഴിഞ്ഞില്ല എങ്കിൽ എന്ത് സംഭവിക്കും എന്നും ചിന്തിക്കുന്ന ഒരു ഗോപുരം പണിക്കാരനെക്കുറിച്ചാണ് യേശു ഇവിടെ പറയുന്നത്. കാര്യവിചാരകത്വത്തെക്കുറിക്കുന്ന എന്ത് പാഠമാണ് ഇവിടെ നമുക്കുള്ളത്? ശിഷ്യത്വത്തിന്റെ മൂല്യത്തെക്കുറിച്ചാണ് യേശു വിശദമാക്കുന്നത്.

**ബുധൻ** **മാർച്ച് 14**

**കടം വേണ്ട എന്ന തീരുമാനം**

**വായിക്കുക:** ആവ. 28:12. അമിതമായ കടത്തിന്റെ പിടിയിലാകുന്നതിനെക്കുറിച്ച് ഇത് എന്ത് പഠിപ്പിക്കുന്നു? എന്ത് തത്വമാണ് ഇവിടെ പ്രവർത്തിക്കുന്നത്?

ആവുന്നത്രയും കടം ഒഴിവാക്കുക എന്നത് വെറും സാമന്യബോധം മാത്രമാണ്. മറ്റുള്ളവരുടെ വായ്പകൾക്ക് ജാമ്യം നില്ക്കുന്നതിനെയും തിരുവചനം വിലക്കുന്നു (സദൃ. 17:18,22:16). കടം ഭാവിയെ സ്വാധീനിക്കുകയും നമ്മുടെ സാമ്പത്തിക ബലഹീനതയിൽനിന്നുകൊണ്ട് അതിന്റെ ആവശ്യങ്ങൾക്കു കീഴ്പ്പെടുവാൻ നിർബന്ധിക്കുകയും ചെയ്യുന്നു. കടം വാങ്ങുന്നത് അസാന്മാർഗ്ഗികമല്ല എങ്കിലും അതു നമ്മുടെ ആത്മീയ ജീവിതത്തെ ഒരു വിധത്തിലും ശക്തിപ്പെടുത്തുന്നില്ല.

"സാമ്പത്തിക വിഷയങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത നിരീക്ഷണം ഉണ്ടാകുന്നില്ലെങ്കിൽ കടത്തിന് പാത്രമായിത്തീരും. അതിരിനുള്ളിൽ നിർത്തുക. കുഷ്ഠരോഗത്തിൽ നിന്നെന്ന പോലെ കടം വാങ്ങുന്നതിൽനിന്നും അകന്നു നിൽക്കുക" EGW, Counsels on Stewardship P 272.

'കടം കൊടുക്കുന്നവനു ദാസനായി' മാറും വിധം കടം നമ്മെ സാമ്പത്തിക അടിമത്വത്തിലേക്കു നയിക്കും (സദൃ. 22:7). കടം എന്നത് നമ്മുടെ ഇന്നത്തെ സാമ്പത്തിക ഘടനയോട് ഇഴചേർന്നു കിടക്കുന്നതിനാൽ നാം അതിനെ ഒരു സാധാരണ കാര്യമായി കണ്ടേക്കാം. രാജ്യങ്ങൾ പോലും ഇന്ന് കടത്തിലാണ് നില നിൽക്കുന്നത്. എന്നാൽ പിന്നെ വ്യക്തികൾക്ക് എന്തുകൊണ്ട് ആയിക്കൂടാ എന്ന ചിന്താഗതി തികച്ചും തെറ്റാണ്.

"എല്ലാ കടങ്ങളും കൊടുത്തു തീർക്കുക. എത്ര ദാരിദ്ര്യത്തിൽ ജീവിക്കേണ്ടി വന്നാലും ആരോടും ഒന്നും കടപ്പെട്ടിരിക്കയുമില്ല എന്നു ദൈവവുമായി പാവന

ഉടമ്പടിയിൽ ഏർപ്പെടുക. ജീവിത ക്രമീകരണങ്ങൾക്കായി പോക്കറ്റിൽനിന്നും ചെറിയ തുകകൾ എടുത്തു അധികമായി ചെലവാക്കുവാൻ എളുപ്പമാണ്. ഓരോ നയാ പൈസയും സൂക്ഷിച്ചുപയോഗിക്കുക. അങ്ങനെ ചെയ്താൽ വലിയ തുകകൾ സംരക്ഷിക്കപ്പെടും. അവിടെയുമിവിടെയുമൊക്കെയായി ചിലവാക്കുന്ന ചെറിയ നാണയങ്ങൾ വേഗത്തിൽ വലിയ തുകകളായി മാറും. കടക്കെണിയിലായിരിക്കുമ്പോഴെങ്കിലും സ്വാർത്ഥത വെടിയുക... പതറരുത്, നിരാശപ്പെടരുത്, പിന്നോക്കം പോകരുത്. ഇഷ്ടങ്ങളെയും ഭോഗേച്ഛകളുടെ ആസക്തികളെയും ഒഴിഞ്ഞിരിക്ക. ഓരോ നാണയവും മിച്ചം പിടിച്ചു കടം വീട്ടുക. പറ്റുന്നത്ര വേഗത്തിൽ അതിനായി പ്രവൃത്തിക്കുക. ആരോടും ഒന്നും കടംപെട്ടിട്ടില്ലാത്ത അവസ്ഥയിൽ സ്വതന്ത്രമായി നിൽക്കുവാൻ വീണ്ടും സാധിക്കുമ്പോൾ നിങ്ങൾ വലിയ ഒരു വിജയത്തെ നേടിയിരിക്കും" EGW, Counsels on Stewardship P. 257.

കടം എന്നത് ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം വളരെ ബലഹീനമായ ഒരു അടിസ്ഥാനമാണ്. അത് നമ്മുടെ ആത്മീയ അനുഭവങ്ങളെ ക്ഷയിപ്പിക്കുകയും ദൈവ വേലയ്ക്കാവശ്യമായ ധന സമാഹരണത്തെ ബാധിക്കുകയും ചെയ്യും. മറ്റുള്ളവർക്ക് ആത്മവിശ്വാസത്തോടെ നൽകുവാനുള്ള നമ്മുടെ കഴിവിനെ നശിപ്പിക്കുകയും ദൈവിക അനുഗ്രഹങ്ങളുടെ അവസരങ്ങളെ കവർന്നെടുക്കുകയും ചെയ്യും.

**അനാവശ്യമായി വായ്പ എടുക്കുന്നതിൽ**നിന്നും ഒഴിഞ്ഞിരിക്കുവാനാവശ്യമായ എന്ത് നടപടികളാണ് നിങ്ങൾക്ക് എടുക്കുവാൻ കഴിയുക? കടത്തിൽനിന്നും ഒഴിഞ്ഞിരിപ്പാനായി നിങ്ങളെത്തന്നെ ത്യജിക്കുന്നതിനു നിങ്ങൾക്ക് എന്താണ് ആവശ്യമുള്ളത്?

**വ്യാഴം** **മാർച്ച് 15**

**മിച്ചംവയ്ക്കലും നിക്ഷേപവും**

ശീതകാലത്തിനാവശ്യമായ ഭക്ഷണം ഉറുമ്പുകൾ ശേഖരിച്ചു വയ്ക്കുന്നു (സദൃ. 6:6–8). ഒരു പ്രത്യേക ആവശ്യത്തിനായി ധനം പതിവായി സൂക്ഷിക്കേണ്ടിവരുമ്പോൾ അവയുടെ മാതൃക നമുക്കും ബുദ്ധിയുപദേശമാണ്. സാധനങ്ങളെ ദുർവ്യയം ചെയ്യാതെ നമുക്കാവശ്യത്തിനു ലഭ്യമാക്കുന്നതിനായാണ് മിച്ചം പിടിക്കുന്നത്. ധന പരിപാലനത്തിന് വിവേകവും സാമ്പത്തിക രൂപരേഖയും മനോനിയന്ത്രണവും ആവശ്യമാണ്. നമുക്ക് വേണ്ടി മിച്ചം വെക്കുക മാത്രമാണ് നാം ചെയ്യുന്നതെങ്കിൽ നാം ദൈവത്തിന്റെ മുതൽ മോഷ്ടിക്കുന്നവരാണ്, ഗൃഹവിചാരകത്വം ചെയ്യുന്നവരല്ല.

"അനാവശ്യമായി ചെലാവക്കപ്പെടുന്ന പണം ഇരട്ടി നഷ്ടം ഉണ്ടാക്കുന്നു. ആ പണം നഷ്ടപ്പെടുകയും അതിനുള്ള സമ്പാദന സാധ്യത നഷ്ടമാകുകയും ചെയ്യുന്നു. നഷ്ടപ്പെടുത്താതെ നീക്കിവെച്ചിരുന്നെങ്കിൽ അത് നിക്ഷേപത്തിലൂടെ ഭൂമിയിലോ കൊടുക്കുന്നതിലൂടെ സ്വർഗ്ഗത്തിലോ വർധിക്കുമായിരുന്നു... നിക്ഷേപം ഒരു ശിക്ഷണത്തിന്റെയും ചിട്ടയുടെയും കാര്യമാണ്. അത് സമ്പത്തിന്മേൽ ആധിപത്യം ഉണ്ടാക്കുന്നു. നമ്മുടെ വ്യാമോഹങ്ങളിലേക്കു പണം നമ്മെ കൊണ്ടുപോകരുതു. പണത്തിന്റെ നിയന്ത്രണം നാം ഏറ്റെടുക്കണം" Money and Eternity P 328.

**വായിക്കുക:** സദൃ. 13:11; 21:5; 13:18. സാമ്പത്തിക പ്രശ്നങ്ങളെ നന്നായി കൈകാര്യം ചെയ്യുവാനുള്ള എന്ത് പ്രായോഗിക ഉപദേശങ്ങളാണ് ഇവിടെയുള്ളത്?

ദൈവത്തിന്റെ സ്വത്തുക്കൾ പാലനം ചെയ്യുന്ന കാര്യവിചാരകൻ തന്റെ കുടുംബത്തിനാവശ്യമായതു ശേഖരിച്ചു വയ്ക്കുകയും സ്വർഗ്ഗത്തിൽ നിക്ഷേപിക്കുകയും ചെയ്യുന്നു. എത്ര സമ്പത്തുണ്ട് എന്നതല്ല, സാമ്പത്തിക സാഹചര്യം എന്തായിരുന്നാലും തിരുവചനത്തിലധിഷ്ഠിതമായ പരിപാലന പദ്ധതിയുണ്ടോ എന്നതാണ് കാര്യം. കുടുംബ ആവശ്യത്തിനായുള്ള നിക്ഷേപം ബുദ്ധിപൂർവ്വം ചെയ്യണം. നഷ്ടം കുറയ്ക്കുന്നതിനായി നാം നമ്മുടെ സാഹസികതയെ വിസ്താരപ്പെടുത്തണം (സഭാ.11:1–2). നിങ്ങളുടെ ആവശ്യങ്ങൾക്ക് മുൻപായി ഇതുപോലെ മിച്ചം പിടിക്കലുകൾക്കായി പ്രവർത്തിക്കുന്നതും മറ്റുള്ളവരിൽ നിന്നും യോഗ്യമായ ഉപദേശം സ്വീകരിക്കുകയും ചെയ്യുന്നതാണ് വിജയത്തിലേക്കു നയിക്കുന്ന രണ്ടു മാർഗ്ഗങ്ങൾ (സദൃ. 24:27; 15:22). ആവശ്യങ്ങൾ നടക്കുകയും ധനം വർധിക്കുകയും ചെയ്യുമ്പോൾ, നാം നമ്മുടെ "ദൈവമായ യഹോവയെ നീ ഓർക്കേണം...അവനല്ലോ നിനക്കു സമ്പത്തുണ്ടാക്കുവാൻ ശക്തിതരുന്നതു" (ആവ. 8:18).

ഒരു ദൈവ പൈതലിന്റെ ഏറ്റവും സുരക്ഷിതമായ നിക്ഷേപ മാതൃക 'സ്വർഗ്ഗത്തിൽ' നിക്ഷേപിക്കുക എന്നതാണ് (മത്താ. 13:44). അവിടെ സാമ്പത്തിക മാന്ദ്യമോ അപകട സാധ്യതകളോ തസ്കരന്മാരോ വ്യാപാര തകർച്ചകളോ ഇല്ല. ഒരിക്കലും കീറിപ്പോകാത്ത മടിശ്ശീല ഉള്ളതുപോലെയാണത്(ലൂക്കൊ. 12:33). യേശുവിനെ അംഗീകരിക്കുമ്പോൾ നാം സ്വർഗ്ഗത്തിൽ അക്കൗണ്ട് തുറക്കുന്നു. ദശാംശവും കാണിക്കകളും അർപ്പിക്കുന്നതിലൂടെ നിക്ഷേപങ്ങളും. ബില്ലുകൾ അടയ്ക്കുന്നതു പോലെയുള്ള ലൗകീക കാര്യങ്ങൾ നമ്മുടെ മുൻപിൽ ധാരാളം ഉണ്ടെങ്കിലും നിത്യതയിലേക്കു നാം നമ്മുടെ കണ്ണുകളെ എപ്പോഴും കേന്ദ്രീകരിക്കേണ്ടതാണ്.

**വായിക്കുക:** 2 കൊരി. 4:18. ചുമതലാ ബോധമുള്ള കാര്യവിചാരകരായി ഈ ഭൂമിയിൽ ജീവിക്കുന്നതോടൊപ്പം ഈ സത്യത്തെ നമുക്കെങ്ങനെ എപ്പോഴും നമുക്ക് മുൻപിൽ വയ്ക്കാം?

**വെള്ളി** **മാർച്ച് 16**

**കൂടുതൽ ചിന്തയ്ക്ക്:** പ്രകൃതിദത്തമായ എല്ലാ കഴിവും, വൈദഗ്ദ്ധ്യവും, ദാനവും ജനിതകമായി ലഭിച്ചതായാലും പ്രകൃതിയുടെ സ്വാധീനത്താൽ സ്വയം പഠിച്ചു നേടിയവയായാലും, ദൈവത്തിൽനിന്നും വരുന്നു. നമ്മുടെ കഴിവുകളെ എങ്ങനെ വിനിയോഗിക്കുന്നു എന്നതാണ് ഈ സമവാക്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം. കാര്യവിചാരകന്മാർ തങ്ങളുടെ വൈദഗ്ദ്ധ്യങ്ങളുടെയും പ്രായോഗിക ജ്ഞാനത്തിന്റെയും വിദ്യാഭ്യാസത്തിലൂടെ ലഭിച്ച അറിവുകളുടെയും യജമാനന്മാരായിരിക്കേണം എന്നു ദൈവം ആഗ്രഹിക്കുന്നു (സഭാ. 10:10).

ബെസലേൽ കൗശലപ്പണി ചെയ്യുന്നതിനായി, "ദിവ്യാത്മാവിനാൽ ജ്ഞാനവും ബുദ്ധിയും അറിവും സകലവിധ സാമർത്ഥ്യവുംകൊണ്ടു നിറ" യപ്പെട്ടു (പുറ 35:33). അവനും ഓഹലീയാബിനും മറ്റുള്ളവരെ കൗശലപ്പണികൾ പഠിപ്പിക്കുവാനുള്ള കഴിവുണ്ടായിരിന്നു (35:34).

ഭൗതീക ലോകത്തിൽ ജീവിക്കുമ്പോഴും, വിശേഷിച്ചും കടങ്ങളെ ഒഴിവാക്കി, കൂടുതൽ നല്ല കാര്യവിചാരകന്മാരായിത്തീരുവാൻ നമുക്ക് പഠിക്കാം. വായനയിലൂടെയും, സെമിനാർ, ഔപചാരിക വിദ്യാഭ്യാസം എന്നിവയിലൂടെയും കഴിയുമ്പോഴൊക്കെ നമ്മുടെ വൈദഗ്ദ്ധ്യങ്ങളെ പോഷിപ്പിച്ചുകൊണ്ടിരിക്കണം. പഠിക്കുന്ന കാര്യങ്ങളെ പ്രവൃത്തിയിൽ കൊണ്ടുവരണം. കഴിവുകളെ വർദ്ധിപ്പിക്കുന്നതിലൂടെ ദൈവ സന്നിധിയിൽ ഏറ്റവും നല്ല കാര്യവിചാരകരായിത്തീരുവാൻ നമുക്ക് കഴിയും.

ഓരോ ദാസനും "അവന്റെ കഴിവിന് അനുസരണമായി" താലന്തുകൾ ലഭിച്ചതായി നാം ഉപമയിൽ വായിക്കുന്നു (മത്താ. 25:15). രണ്ടു പേർ അവർക്കു ലഭിച്ചതിനെ ഇരട്ടിപ്പിച്ചു; മൂന്നാമൻ അത് മണ്ണിൽ കഴിച്ചു വച്ചു. നമുക്ക് ലഭിച്ചതിനെ വർദ്ധിപ്പിക്കുവാൻ നാം എപ്പോഴും പരിശ്രമിക്കണം. ഉള്ള താലന്തിനെ കുഴിച്ചിടുവാൻ കഴിവോ വൈദഗ്ദ്ധ്യമോ ആവശ്യമില്ല, സാമ്പത്തിക പരിപാലനം, കടത്തിൽനിന്ന് മുക്തി, അച്ചടക്കം, പരിപോഷണം , പ്രയോഗിക അനുഭവം എന്നിവ ദൈവദത്തമായ കാര്യക്ഷമതയെ വർദ്ധിപ്പിക്കും. എന്തെങ്കിലും കാര്യത്തിൽ വിജയവും മിടുക്കും ഉണ്ടാകണമെങ്കിൽ ആ കാര്യം തുടർച്ചയായി ചെയ്യേണ്ടതുണ്ട്.

"ദിവസേനയുള്ള ജീവിതത്തിനായി മെനയപ്പെട്ടവയാണ് തിരുവചന പാഠങ്ങൾ എന്നതിനാൽ സ്വഭാവത്തിന്മേൽ അവയ്ക്കു ആഴവും സുദീർഘവുമായ സ്വാധീനമുണ്ട്. തിമൊത്തിയൊസ് ഇവ പഠിക്കുകയും പരിശീലിക്കുകയും ചെയ്തു. അവനു പ്രത്യേകവും ഭാസുരവുമായ കഴിവുകളൊന്നും ഉണ്ടായിരുന്നില്ല എങ്കിലും ദൈവദത്തമായ തന്റെ കഴിവുകളെ ഉപയോഗിച്ചു എന്നതിനാൽ അവന്റെ വേല വിലപ്പെട്ടതായിത്തീർന്നു. EGW, AA P 205.

**ചർച്ച ചെയ്യുക:**

1. ക്രിസ്ത്യാനിക്ക് ആത്മനിയന്ത്രണം എപ്പോഴും പ്രധാനമാണ്. അങ്ങനെയില്ലാതെ വന്നാൽ സാമ്പത്തിക തകർച്ചയിൽ എത്തിച്ചേരും എന്നത് വിസ്മരിച്ചുകൂടാ. ഇങ്ങനെയുള്ള പ്രശ്നത്തിൽ പെട്ടിട്ടുള്ളവരെ സഹായിക്കുവാൻ സഭയ്ക്കെന്തു ചെയ്യുവാൻ കഴിയും?

2. റോമ. 13:7-8 വായിക്കുക. നമ്മുടെ നിത്യ ജീവിതത്തിലും മറ്റുള്ളവരുമായുള്ള പരസ്പര വ്യവഹാരങ്ങളിലും ഈ വാക്കുകളെ നമുക്കെങ്ങനെ നടപ്പിലാക്കാം?

3. യേശു വേഗം വരുന്നതിനാൽ കടം വാങ്ങുന്നതിനെക്കുറിച്ചു വ്യാകുലപ്പെടേണ്ട കാര്യമൊന്നുമില്ലന്നു വാദിക്കുന്നവരുണ്ട്. ഈ വാദത്തോടുള്ള നിങ്ങളുടെ പ്രതികരണം എന്താണ്?